# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പോരൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ എം പി എം 5/2159/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 31/10/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പോരൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പോരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ എം പി എം 5/2159/2023 തീയ്യതി: 31/10/2023

## മലപ്പുറം ജില്ലയിലെ പോരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പോരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-01-2023 മുതൽ 10-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-09-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ കെ.കെ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 11-09-2023 | 19-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-09-2023 | 19-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) ശ്രീ. അബ്ദുൽ ജലീൽ ടി.പി, ഓഡിറ്റ് ഓഫീസർ(HG)
2) ശ്രീ. രാമകൃഷ്ണൻ ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ
3) ശ്രീ. റഷീദ് വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
4) ശ്രീ. മുഹമ്മദ് നൗഷാദ് എ.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മുഹമ്മദ് റാഷിദ് വാകപ്പറ്റ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. സത്യകുമാരൻ കെ.കെ | സെക്രട്ടറി | 01-04-2022 | 21-08-2022 |
| ശ്രീ. അനിൽ കുമാർ കെ.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-08-2022 | 20-09-2022 |
| ശ്രീ. സത്യകുമാരൻ കെ.കെ | സെക്രട്ടറി | 21-09-2022 | 11-01-2023 |
| ശ്രീ. മമ്മദ് അബ്ദുൽ ലത്തീഫ് എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-01-2023 | 22-01-2023 |
| ശ്രീ. ഇ.ജെ ഫോർബി | സെക്രട്ടറി | 23-01-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സതീഷ്കുമാർ വി | അസി. സെക്രട്ടറി | 01-04-2022 | 25-04-2022 |
| ശ്രീ. അനിൽ കുമാർ കെ.പി | അസി. സെക്രട്ടറി | 26-04-2022 | 25-10-2022 |
| ശ്രീ. വിനോദ് എം | അസി. സെക്രട്ടറി(ചാർജ്) | 26-10-2022 | 27-10-2022 |
| ശ്രീ. മമ്മദ് അബ്ദുൽ ലത്തീഫ് എൻ | അസി. സെക്രട്ടറി | 28-10-2022 | 31-03-2023 |
| ശ്രീമതി. ലിനി എം | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. നന്ദകുമാർ കെ.കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ഡോ. രവികുമാർ എം | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി. നിമ്മി കെ എബ്രഹാം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ. രേഷ്മ പി ശ്രീധർ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ. സുനിൽ ബാബു പി.പി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഡോ. സിന്ധ്യ പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 30-11-2022 |
| ഡോ. സനൽ പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-12-2022 | 30-12-2022 |
| ഡോ. സിന്ധ്യ പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 31-12-2022 | 31-03-2023 |
| ശ്രീ. ഫാജിഷ് വഹാബ് എ | വി. ഇ. ഒ | 01-04-2022 | 01-09-2022 |
| ശ്രീ. ഷഫീഖ് കെ | വി. ഇ. ഒ | 02-09-2022 | 31-03-2023 |
| ഒഴിവ് | ഹെഡ് മാസ്റ്റർ | 01-04-2022 | 11-07-2022 |
| ശ്രീ. മൊയ്തീൻ കുട്ടി കെ.സി | ഹെഡ് മാസ്റ്റർ | 12-07-2022 | 31-03-2023 |
| ശ്രീ. മിഥുൻ ടി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 01-08-2022 |
| ശ്രീമതി. അനഘ എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 02-08-2022 | 30-09-2022 |
| ശ്രീ. മുഹമ്മദാലി എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-10-2022 | 31-03-2023 |
| ശ്രീ. അബ്ദുൽ കാസിം പി | ഫിഷറീസ് ഓഫീസർ | 01-04-2022 | 30-01-2023 |
| ശ്രീ. ഷിഹാബുദ്ധീൻ എം | ഫിഷറീസ് ഓഫീസർ | 31-01-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-1-2 |
| 4 | തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽ മുഖേന രേഖപ്പെടുത്തിയിട്ടില്ല. | 1-1-3 |
| 5 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുക വ്യത്യാസം | 1-1-4 |
| 6 | ഓഡിറ്റ് റിക്കവറി- വിവരം ലഭ്യമല്ല. | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക നില | 1-3 |
| 9 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 10 | പദ്ധതി അവലോകനം. | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമപദ്ധതികൾ | 1-7 |
| 13 | ക്യാഷ് പരിശോധന | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 16 | തനത് വരുമാന സമാഹരണം - അവലോകനം. | 1-11 |
| 17 | നിക്ഷേപ പ്രവൃത്തികളി**ൽ** ക്രമീകരിക്കാ**ൻ** അവശേഷിക്കുന്നവയുടെ വിവരം ലഭ്യമാക്കുന്നത് സംബന്ധിച്ച്. | 1-12 |
| 18 | ഫാമിലി ഹെൽത്ത് സെന്ററിലെ NHM/താത്കാലിക ജിവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 1-13 |
| 19 | റേഷൻകടകളിൽ നിന്നും ഗ്രാമപഞ്ചായത്ത് ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കുന്നില്ല | 1-14 |
| 20 | ലൈഫ് പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-15 |
| 21 | വനിതകൾക്ക് പെണ്ണാട് വിതരണം (ജനറൽ) - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 1-16 |
| 22 | ഭിന്നശേഷി കുട്ടികളുടെ കലാകായിക മേള; അർഹമായ യാത്രാബത്ത നൽകിയില്ല. | 1-17 |
| 23 | കോക്ലിയാർ ഇംപ്ലാന്റ് റിപ്പയറിന് ധനസഹായം - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-18 |

| | | |
|---|---|---|
| 24 | തുല്യത പഠന പദ്ധതി -രേഖകൾ ലഭ്യമാക്കിയില്ല. | 1-19 |
| 25 | ഡെപ്പോസിറ്റ് പ്രവൃത്തി -പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല. | 1-20 |
| 26 | എസ് എസ് എ വിഹിതം അടവാക്കൽ - വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 1-21 |
| 27 | അധിക ചെലവ്, 22987രൂപ തിരിച്ചടച്ചു. | 1-22 |
| 28 | ഇലക്ട്രിഫിക്കേഷൻ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-23 |
| 29 | ഗ്രാമ പഞ്ചായത്ത് ഓഫീസ് ടോയ്‌ലറ്റ് നിർമാണവും അനുബന്ധ സൗകര്യമൊരുക്കലും (226/23) എന്ന പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 1-24 |
| 30 | ടേക് എ ബ്രേക്ക് പദ്ധതി പ്രയോജനപ്പെടുത്തുന്നില്ല. | 1-25 |
| 31 | സുലേഖ പ്രകാരമുള്ള ചെലവ് പത്രികയിൽ യഥാർത്ഥ കണക്ക് പ്രതിഫലിക്കുന്നില്ല. | 1-26 |
| 32 | പ്രവൃത്തി യഥാസമയം പൂർത്തീകരിച്ചില്ല, ബിൽ യഥാസമയം നൽകിയില്ല. വിശദീകരണം ലഭ്യമാക്കിയില്ല | 1-27 |
| 33 | അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിൽ 680945.77 രൂപ നീക്കിയിരിപ്പ് - കാഷ് ബുക്ക് ക്രമപ്രകാരം പരിപാലിക്കുന്നില്ല. | 1-28 |
| 34 | ഹോമിയോ മരുന്ന് മുഴുവനും ലഭ്യമായില്ല. | 1-29 |
| 35 | പി.എച്ച്.സി മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-30 |
| 36 | എഫ്.എച്ച്.സി മെഡിക്കൽ ഓഫീസറുടെ വിവിധ പദ്ധതികൾ പ്രകാരമുള്ള വാങ്ങലുകൾ- സ്റ്റോക്ക് അപാകതകൾ | 1-31 |
| 37 | ഇവനിംഗ് ഒ.പി ഡോക്ടറുടെയും ഫാർമസിസ്റ്റിന്റെയും വേതനം നൽകിയതിലെ അപാകത | 1-32 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ. | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്. | 4-5 |

| | | |
|---|---|---|
| 6 | സ്ഥിര നിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ്(അകൗണ്ട്സ് )ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് /കേന്ദ്ര ഗവൺമെന്റ് ,ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ നിർദേശങ്ങളും പാലിക്കൽ നിർദേശങ്ങളും അനുസരിച്ച് പോരൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 06.07.2023 ലെ 1(1) തീരുമാന പ്രകാരം തയ്യാറാക്കി 14-07-2023 തീയ്യതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിച്ചിട്ടുള്ള പോരൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് , ഇൻകം& എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയ്യതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii)C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ നിർദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗനിർദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണ്ണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, പോരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: മലപ്പുറം

തീയതി:

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ് ) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-3 തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽ മുഖേന രേഖപ്പെടുത്തിയിട്ടില്ല.

ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയ വർക്ക് ഷീറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

### 1-1-4 കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം

കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ ' Net Increase In Cash And Cash Equivalance ' ആയി രേഖപ്പെടുത്തിയ തുകയും ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity ' (A+B+C) ആയി രേഖപ്പെടുത്തിയ തുകയും തുല്യമല്ല.

### 1-1-5 ഓഡിറ്റ് റിക്കവറി- വിവരം ലഭ്യമല്ല.

ഓഡിറ്റ് റിക്കവറി ഇനത്തിൽ വാർഷികകണക്കിൽ 55,667 രൂപ വരവായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രജിസ്റ്ററിൽ വിവരം ചേർത്തിട്ടില്ലാത്തതിനാൽ പ്രസ്തുത തുകയുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

## 1-2 ബജറ്റ്

| 2022 -23 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 1/24-03-2022 | 1(1)/14-03-2023 |

## 1-3 സാമ്പത്തിക നില

| | |
|---|---|
| മുന്നിരിപ്പ് | 33280624 |
| വരവ് | 213418011 |
| ആകെ | 246698635 |
| ചെലവ് | 193711419 |
| നീക്കിയിരിപ്പ് | 52987216 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 00 | 19443920 | 19443920 | 19344771 | 99149 |
| വികസനഫണ്ട് (എസ്.സി.പി) | 00 | 12993257 | 12993257 | 12982398 | 10859 |
| വികസനഫണ്ട് (ടി.എസ്.പി) | 00 | 00 | 00 | 00 | 00 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 00 | 11150000 | 11150000 | 11119493 | 30507 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 00 | 5355000 | 5355000 | 5331315 | 23685 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Tied | 00 | 7672036 | 7672036 | 7933094 | (-)261058 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Untied | 00 | 3709000 | 3709000 | 3594424 | 114576 |
| ബി ഫണ്ട് | 00 | 44204952 | 44204952 | 44204952 | 00 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 244 | 204096772 | 188 | 100553447 | - | 56 | 77.05 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 23591 | 1184650 | 1208241 | 668448 | 539793 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 27788700 | 27788700 | 27788700 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 2532600 | 1616 |
| വിധവാപെൻഷൻ | 12516000 | 7878 |
| വാർദ്ധക്യകാലപെൻഷൻ | 22396800 | 14840 |
| വികലാംഗപെൻഷൻ | 5197600 | 3344 |
| വിവാഹ ധനസഹായം | 270000 | 9 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1252600 | 800 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.09.2023 ന് 03.14 PM മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 64058/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

2022-23 വർഷ ഓഡിറ്റിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

- ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. - പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ പഞ്ചായത്തിലെ മുഴുവൻ ആസ്തികളും ഉൾപ്പെട്ടിട്ടില്ല.
- അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും പഞ്ചായത്ത് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.
- ഗ്രാമപഞ്ചായത്തിൽ മുൻ വർഷങ്ങളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിച്ചത് സംബന്ധിച്ച വിവരം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
- വിവിധ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ചുമതല നിറവേറ്റുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.12.2022 | 2022 നവംബർ | 16.12.2022 |
| എ.ജി ഓഡിറ്റ് | 25.07.2007 മുതൽ 06.08.2007 വരെ | 1997-98 മുതൽ 2006-07 വരെ | 06.09.2007 |

## 1-11 തനത് വരുമാന സമാഹരണം - അവലോകനം.

തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി പോരൂർ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം.

1). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനുതകുന്ന വിധത്തിലുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ ഉയർന്ന് വന്നിട്ടില്ല. നികുതി പിരിവിന്റെ പുരോഗതി വിവരം, പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാനമായും അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്. 29.08.23, 04.11.22 എന്നീ തിയതികളിലെ മീറ്റിംഗ് തീരുമാനങ്ങൾ പ്രകാരം വസ്തു നികുതി പിരിവ് 100% ആക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ ഈ തീരുമാനങ്ങൾ നടപ്പിലാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. ഓഡിറ്റ് വർഷത്തിൽ 14 തവണയാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നതെങ്കിലും ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഒടുക്കാതെ പ്രവർത്തിച്ച് വരുന്ന സ്ഥാപനങ്ങളിൽ നിന്നും ആയവ പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് ലൈസൻസ് അദാലത്ത് നടത്തുന്നത് പോലുള്ള നടപടികൾ സ്വീകരിക്കുന്നതിനോ പുതിയ തനത് വരുമാന മേഖലകൾ കണ്ടെത്തുന്നതിനോ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ മുന്നോട്ട് വെച്ചിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാർ നികുതി വരുമാനത്തിന്റെയും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായത്ത് ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല.

വസ്തുനികുതി.

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പോരൂർ ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തി കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

2). നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക നോട്ടീസ്) 18.05.2023 ലെ 2(1) നമ്പർ പഞ്ചായത്ത് ഭരണസമിതി തീരുമാനം പ്രകാരം പരസ്യപ്പെടുത്തിയിട്ടുണ്ട്. സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നു കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി, മറ്റു പ്രത്യേകതകൾ എന്നിവ പരിഗണിച്ചാണ് ഓരോ കെട്ടിട വിഭാഗത്തിന്റേയും അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്യേണ്ടത്. എന്നാൽ ഏറ്റവും കുറഞ്ഞ നിരക്കും ഏറ്റവും കൂടിയ നിരക്കും നിശ്ചയിച്ചു കൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവിലെ (സ.ഉ.(അച്ചടി) നം.25/2023/LSGD തീയതി.05.04.2023) ഏറ്റവും ഏറ്റവും കുറഞ്ഞതോ നേരിയ വർദ്ധനവ് ചെയ്തതോ ആയ നിരക്കാണ് ഭൂരിപക്ഷം കെട്ടിടങ്ങൾക്കും നിരക്ക് നിശ്ചയിച്ച് പ്രാഥമിക നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ളത്.

3). മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് സംബന്ധിച്ച് ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള പഞ്ചായത്ത് ഭരണസമിതി യോഗം തീരുമാനമോ നോട്ടീസോ പരസ്യപ്പെടുത്തിയിട്ടില്ല. പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ പറയുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് മേഖലകൾ തരം തിരിക്കേണ്ടതും ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ

രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ മേഖല വിഭജനം, റോഡുകളുടെ തരംതിരിവ് എന്നിവ 28.12.2011ലെ എ2-10817/11 നമ്പർ വിജ്ഞാപനം പ്രകാരം നിലവിലുള്ളത് തന്നെ മാറ്റമില്ലാതെ തുടരുന്നതിനാണ് 18.05.23 ലെ 2(1) നമ്പർ തീരുമാനമെടുത്തിട്ടുള്ളത്.

4). മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവയുടെ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും ആയത് പുറപ്പെടുവിച്ചിട്ടില്ല.

5). പുതുക്കിയ വസ്തുനികുതി നിരക്കിന്റെ അന്തിമ വിജ്ഞാപനം പഞ്ചായത്ത് ഭരണസമിതി നാളിതുവരെ പാസ്സാക്കുകയോ പരസ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

6). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 1068 അപേക്ഷകളിൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. എന്നാൽ ഇത്തരത്തിൽ താത്കാലിക ഓവർസിയർമാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

സേവന ഉപനികുതി

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലൂടെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

പോരുർ ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കേണ്ടതാണ്.

കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള സർവ്വീസ് ചാർജ്.

പോരുർ ഗ്രാമപഞ്ചായത്തിലുള്ള കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ഇല്ല.

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ തൊഴിൽ ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, സർക്കാർ/ഗ്രാമപഞ്ചായത്ത് ഫണ്ടുകളിൽ നിന്നും വേതനം അനുവദിക്കുന്ന , ഗ്രാമപഞ്ചായത്ത് ഫാമിലി ഹെൽത്ത് സെന്ററിലെ എൻ.എച്ച്.എം/താത്കാലിക ജിവനക്കാരിൽ നിന്നും നാളിതുവരെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കണ്ടു. നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ

ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

വാർഷിക കണക്ക്/ട്രേഡ്സ് ലിസ്റ്റ് പ്രകാരം തൊഴിൽ നികുതി ട്രേഡ്സ് ഇനത്തിൽ 167100 രൂപയാണ് വരവ്. ട്രേഡ്സ് ലിസ്റ്റ് പ്രകാരം ആകെ 243 സ്ഥാപനങ്ങളും, ലൈസൻസ് രജിസ്റ്റർ പ്രകാരം ആകെ 293 സ്ഥാപനങ്ങളുമുണ്ട്. എന്നാൽ ഇത് പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങളിലും ഒരു തൊഴിലാളിയെങ്കിലും ഉണ്ടായിരിക്കുമെങ്കിലും ഇത്തരം എല്ലാ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിലാളികളുടെ തൊഴിൽ നികുതി ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

2. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

ലൈസൻസ് ഫീസ്.

2022-23 സാമ്പത്തിക വർഷത്തിൽ 293 സ്ഥാപനങ്ങളിൽ നിന്നായി 93,400/- രൂപയാണ് ലൈസൻസ് ഫീസ് ഇനത്തിൽ ലഭിച്ചിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള ട്രേഡ്സ് ലിസ്റ്റിൽ ലൈസൻസ് നൽകിയ സ്ഥാപനങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ലൈസൻസ് എടുക്കേണ്ടുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്നും ലൈസൻസ് ഫീസ് ഇനത്തിൽ പൂർണ്ണമായ വരവ് ലഭ്യമാകുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 09/2022-23/16.09.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-12 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നവയുടെ വിവരം ലഭ്യമാക്കുന്നത് സംബന്ധിച്ച്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്യുകയാണ് ചെയ്തുവരുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/മൂല്യനിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡിപ്പോസിറ്റ് ചെയ്ത ചുവടെ ചേർത്തിട്ടുള്ള തുകകളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നവയുടെ വിവരം ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സാമ്പത്തിക വർഷം | പ്രൊജക്ട് പേര് | Impl Code | ഏജൻസി | മുൻകൂർ നൽകിയ തുക/ ഫണ്ട് | ചെലവഴിച്ച തുക (₹) (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (₹) |
|---|---|---|---|---|---|---|---|
| 1 | 2017-18 | സമഗ്ര കുടിവെള്ള പദ്ധതി (261/18) | സെക്രട്ടറി (ഗ്രാ.പ) | കെ ഡബ്യൂ എ | 200000 (തനത് ഫണ്ട്) | 0 | 200000 |

പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3/15.09.23 ) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തിക്ക് തുക വിനിയോഗിച്ചതിന്റെ വിവരം അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക തിരികെ ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ഫാമിലി ഹെൽത്ത് സെൻ്ററിലെ NHM/താത്കാലിക ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ മൊത്തം അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലേർപ്പെടുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്.

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേൺ എന്നിവ പരിശോധിച്ചതിൽ, അറ്റൻൻസ് രജിസ്റ്റർ പ്രകാരം പോരുർ ഫാമിലി ഹെൽത്ത് സെൻ്ററിൽ NHM/ താത്കാലിക/ ദിവസ വേതന അടിസ്ഥാനത്തിൽ 2022-23ൽ ജോലി ചെയ്തിട്ടുള്ള ചില ജീവനക്കാരിൽ നിന്നും ചട്ടപ്രകാരമുള്ള തൊഴിൽ നികുതി രണ്ട് അർദ്ധ വർഷങ്ങളിലും ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. മെഡിക്കൽ ഓഫീസർ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണിൽ , ആശുപത്രിയിലെ തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരേയും റിട്ടേണിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് ശരിയല്ല എന്നും ഗ്രാമപഞ്ചായത്ത് ഫണ്ടുപയോഗിച്ച് വേതനം അനുവദിക്കുന്ന താത്കാലിക ജീവനക്കാരെ ഉൾപ്പടെ തൊഴിൽ നികുതി റിട്ടേണിൽ ഉൾപ്പെടുത്താതിരുന്നിട്ടും ആയത് പരിശോധിച്ചിട്ടില്ല എന്നും കാണുന്നു.

ഒരു അർദ്ധ വർഷത്തിൽ മൊത്തം അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലേർപ്പെട്ടിട്ടും തൊഴിൽ നികുതി ഈടാക്കാത്തതായുള്ള ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരൻ്റെ പേര്, തസ്തിക | തൊഴിലെടുത്ത കാലയളവ് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|---|
| 1 | ഡോ. അഹമ്മദ് ഷാനു, ഇവനിംഗ് ഒ.പി ഡോക്ടർ | 04/22 മുതൽ 11/22 വരെ | I |
| 2 | ഡോ. ഷാന വി, ഇവനിംഗ് ഒ.പി ഡോക്ടർ | 12/22 മുതൽ 03/23 വരെ | II |
| 3 | ഡോ. ഹസ്ന അലി, NHM ഡോക്ടർ | 04/22 മുതൽ 03/23 വരെ (02/23 ഒഴികെ) | I, II |
| 4 | ശ്രീമതി. ജസ്ന കെ, ഫിസിയോ തെറാപ്പിസ്റ്റ് | 04/22 മുതൽ 03/23 വരെ | I, II |
| 5 | ശ്രീമതി. വിഷ്ണു പ്രിയ പി.പി, RBSK നഴ്സ് | 04/22 മുതൽ 03/23 വരെ (02/23 ഒഴികെ) | I, II |
| 6 | ശ്രീമതി. അനു ആനന്ദ്, ഫാർമസിസ്റ്റ് | 04/22 മുതൽ 03/23 വരെ | I, II |
| 9 | ശ്രീമതി. വിദ്യ പി.കെ, സ്റ്റാഫ് നഴ്സ് | 04/22 മുതൽ 03/23 വരെ | I, II |
| 8 | ശ്രീമതി. പ്രീതു, MLSP നഴ്സ് | 04/22 മുതൽ 08/23 വരെ | I |
| 9 | ശ്രീമതി. മുനീറ എസ്, JPHN | 08/22 മുതൽ 03/23 വരെ | II |
| 10 | ശ്രീമതി. ഫസീല കെ.കെ, NHM ലാബ് ടെക്നീഷ്യൻ | 09/22 മുതൽ 02/23 വരെ | II |
| 11 | ശ്രീ. മുഹമ്മദ് ഷമീം, ഡാറ്റ എൻട്രി ഓപ്പറേറ്റർ | 09/22 മുതൽ 03/23 വരെ | II |
| 12 | ശ്രീമതി. സുവർണ്ണ എൻ, MLSP-NHM | 10/22 മുതൽ 03/23 വരെ | II |
| 13 | ശ്രീമതി. നിഷ അബി, MLSP | 11/22 മുതൽ 03/23 വരെ | II |
| 14 | ശ്രീമതി. സന്ധ്യ പി, | 12/22 മുതൽ 03/23 വരെ | II |

സർക്കാർ/ഗ്രാമപഞ്ചായത്ത് ഫണ്ടുകളുപയോഗിച്ച് വേതനം അനുവദിക്കുന്ന, ഗ്രാമപഞ്ചായത്തിൻ്റെ കീഴിലുള്ള സ്ഥാപനത്തിലെ നിരവധി ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്നത് ഓഡിറ്റ് ഗൗരവമായി തന്നെ കാണുന്നു. മേൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതികൾ അടവാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതും അല്ലാത്ത പക്ഷം അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 01/2022-23/13.09.2023 സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ജീവനക്കാരിൽ നിന്നും അതത് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി പിഴ സഹിതം ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ് .

## 1-14 റേഷൻകടകളിൽ നിന്നും ഗ്രാമപഞ്ചായത്ത് ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്). പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ നാളിതുവരെ ലൈസൻസ് എടുത്തിട്ടില്ല. ലൈസൻസ് രജിസ്റ്ററിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള യാതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല തൊഴിൽ നികുതിയും ഈടാക്കിയതായി കാണുന്നില്ല.

പഞ്ചായത്ത് ഡയറക്ടർ 18.08.2017ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് അയച്ച സി4-25910/17 നമ്പർ കത്ത്, സിവിൽ സപ്ലൈസ് ഡയറക്ടർ ജില്ലാ സപ്ലൈ ഓഫീസർമാർക്ക് അയച്ച നമ്പർ (സി.എസ്.)എ9-764/2019 തിയതി: 22-01-2019, കത്ത് എന്നിവയിൽ റേഷൻകടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ല എന്ന് അറിയിച്ചിട്ടുള്ളതുമാണ്. എന്നാൽ ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്ത് യാതൊരു തുടർനടപടികളും സ്വീകരിച്ചതായി കാണുന്നില്ല.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 02/2022-23/14.09.2023 ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-15 ലൈഫ് പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് പാർപ്പിട പദ്ധതി പ്രകാരം വിവിധ വർഷങ്ങളിൽ ധനസഹായം മുൻകൂർ കൈപ്പറ്റിയിട്ടുള്ള താഴെ പറയുന്ന 9 ഗുണഭോക്താക്കൾ തുടർന്നുള്ള ഗഡുക്കൾ കൈപ്പറ്റിയതായി കാണുന്നില്ല. ഈ ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചോ എന്ന വിവരവും ലഭ്യമല്ല.

| ക്രമ നമ്പർ | പേര്, മേൽവിലാസം | അനുവദിച്ച തുക | |
|---|---|---|---|
| | | തിയ്യതി | തുക |
| 1 | ധന്യ W/o. സുബ്രഹ്മണ്യൻ, വള്ളിക്കാടൻ ഹൗസ്, ചുണ്ടിയംപറ്റ, പോത്രൂർ വാർഡ് 7. | 25.11.2021 | 40,000 |
| 2 | രാജിമോൾ.കെ W/o. രാജേഷ്, കുറ്റഞ്ചേരി ഹൗസ്, രവിമംഗലം, പോത്രൂർ വാർഡ് 2. | 01.02.2023 | 40,000 |
| 3 | രമ്യ W/o. മുരളി, പാലശ്ശേരി ഹൗസ്, രവിമംഗലം, ചാത്തങ്ങോട്ടുപുറം.പി.ഒ വാർഡ് 7. | 15.03.2023 | 40,000 |
| 4 | രാജി, W/o. ഷൈജു, തണ്ടുപാറക്കൽ ഹൗസ്, കാരക്കോട് കോളനി, വാർഡ് 8. | 27.02.2023 | 80,000 |
| 5 | ശ്രുതി, W/o. ജിതേഷ് കുമാർ, മുതീരി, വാർഡ് 16. | 27.02.2023 | 40,000 |
| 6 | ശ്രീലക്ഷ്മി, W/o. ഹരിദാസൻ, പരുന്നൻ ഹൗസ്, തെയ്യുത്തുംകുന്ന്. | 27.02.2023 | 40,000 |
| 7 | റീന, W/o.ഉദയകുമാർ, മരക്കാടൻചോല, പോരൂർ.പി.ഒ, | 10.03.2023 | 40,000 |
| 8 | രമ, W/o. സുകുമാരൻ, പരുന്നൻ ഹൗസ്, പോരൂർ.പി.ഒ | 10.03.2023 | 40000 |
| 9 | രജിത, W/o. സുധാകരൻ, കക്കാടൻ ഹൗസ്, ചാത്തങ്ങോട്ടുപുറം.പി.ഒ | 10.03.2023 | 40000 |

ഭവനനിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 21/18.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് വേണ്ട അടിയന്തിര നടപടികൾ സ്വീകരിച്ച് തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-16 വനിതകൾക്ക് പെണ്ണാട് വിതരണം (ജനറൽ) - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പദ്ധതി നമ്പർ | : 156/23 |
| പേര് | : സുഭിക്ഷകേരളം പദ്ധതി - വനിതകൾക്ക് പെണ്ണാട് വിതരണം (ജനറൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : വെറ്ററനറി സർജൻ |
| അടങ്കൽ തുക (₹) | : 2,72,000/- രൂപ (വികസന ഫണ്ട് - സാധാരണ വിഹിതം) |
| ചെലവ് (₹) | : 2,72,000/- രൂപ |
| ബിൽ നമ്പർ / തീയതി | : 22151452023301263049 തീയതി.21.03.2023 – 32,000/- രൂപ |
| | : 22151452023300927825 തീയതി.22.12.2022 – 1,12,000/- രൂപ |
| | : 22151452023301082636 തീയതി.31.10.2022 – 1,28,000/- രൂപ |

വനിതകൾക്ക് പെണ്ണാട് വിതരണം എന്ന പദ്ധതി പ്രകാരം 8,000/- രൂപ നിരക്കിൽ 34 ഗുണഭോക്താക്കൾക്ക് ആടിനെ വാങ്ങുന്നതിനായി 2,72,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). ഗുണഭോക്തൃ ലിസ്റ്റിലെ മുൻഗണനാക്രമം പാലിച്ചിട്ടില്ല.
34 ഗുണഭോക്താക്കൾക്ക് സബ്സിഡി ലഭ്യമാക്കിയ ഈ പദ്ധതിയിൽ മുൻഗണനാ ക്രമം പാലിക്കാതെ ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നമ്പർ. 113 പ്രകാരമുള്ള ഗുണഭോക്താവിന് പോലും സബ്സിഡി അനുവദിച്ചിട്ടുണ്ട്. മുൻഗണനാക്രമം പാലിക്കാതെ സബ്സിഡി അനുവദിച്ചതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

2). ശ്രീമതി.ആയിഷുണ്ണി, ഉൽപ്പില ഹൗസ്, ചക്കാല, ചാത്തങ്ങോട്ടുപുറം.പി.ഒ, ചെറുകോട് എന്ന ഗുണഭോക്താവിന് നൽകിയ ആടിന്റെ വില നൽകിയിട്ടുള്ളത് ശ്രീ.ശിഹാബുദ്ദീൻ, ഉൽപ്പില ഹൗസ് (A/c.No.40191101026528, KGB Cherukode) എന്ന വ്യക്തിക്കാണ്. ശ്രീ.ശിഹാബുദ്ദീൻ, ഗുണഭോക്താവിന്റെ റേഷൻകാർഡിൽ (റേഷൻ കാർഡ് നമ്പർ.2052015077) ഉൾപ്പെട്ടിട്ടുള്ളയാളാണ്. ഒരു കുടുംബത്തിലെ അംഗങ്ങൾ തമ്മിൽ ആടിനെ കൈമാറിയതായി കാണിച്ച് കൊണ്ട് സബ്സിഡി അനുവദിച്ചത് ക്രമവിരുദ്ധമാണ്. സബ്സിഡിയായി അനുവദിച്ച 8,000/- രൂപ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

3). പ്രൊജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം നിർവ്വഹണ ഘട്ടത്തിൽ ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്ന് മോണിട്ടറിംഗ് കമ്മിറ്റി നിരീക്ഷിക്കേണ്ടതാണ്. ഇതിനായി പ്രൊജക്ടിന്റെ പ്രാരംഭഘട്ടത്തിലും പുരോഗമന ഘട്ടത്തിലും പൂർത്തീകരണ ശേഷവും പ്രൊജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തി നിർവ്വഹണ ഉദ്യാഗസ്ഥന് നൽകേണ്ടതാണ്. എന്നാൽ മോണിട്ടറിംഗ് കമ്മിറ്റി ഈ ഉത്തരവാദിത്തം നിറവേറ്റിയതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.14/18.09.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-17 ഭിന്നശേഷി കുട്ടികളുടെ കലാകായിക മേള; അർഹമായ യാത്രാബത്ത നൽകിയില്ല.

| | |
|---|---|
| പദ്ധതി നമ്പർ | : 93/23 |
| പേര് | : ഭിന്നശേഷി കുട്ടികളുടെ കലാകായിക മേള |
| നിർവ്വഹണ ഉദ്യോഗസ്ഥ | : ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ തുക (₹) | : 75,000/- (വികസന ഫണ്ട് - സാധാരണ വിഹിതം) |
| ചെലവ് (₹) | : 74,450/- |
| ബിൽ നമ്പർ / തീയതി | : 22151452023401210351 തീയതി.20.02.2023 |

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും 2022-23 മുതൽ 2026-27 വരെയുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കൽ സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ(കൈ)നം.115/2022/തസ്വഭവ തീയതി.28.05.2022) ഖണ്ഡിക 7.1.13(1) പ്രകാരം സംസ്ഥാനത്തെ എല്ലാ ഗ്രാമ/നഗരഭരണ സ്ഥാപനങ്ങളിലും ഭിന്നശേഷിക്കാരായ എല്ലാ കുട്ടികളുടേയും ഏകദിന കായിക കലാ മത്സരങ്ങൾ ഓരോ വർഷവും നടത്തേണ്ടതും വിജയികളാകുന്നവർക്ക് സമ്മാനങ്ങളും പങ്കെടുക്കുന്ന എല്ലാവർക്കും പ്രോത്സാഹന സമ്മാനങ്ങളും നൽകേണ്ടതുമാണ്. കുട്ടികൾക്ക് റീഫ്രെഷ്മെന്റും ഉച്ചഭക്ഷണവും കുട്ടികൾക്കും രക്ഷിതാവിനും മുന്നൂറ് രൂപ നിരക്കിൽ യാത്രാച്ചെലവും നൽകാവുന്നതാണ്. ഭക്ഷണം, സമ്മാനങ്ങൾ, പ്രോത്സാഹന സമ്മാനങ്ങൾ, യാത്രാ ചെലവ്, മറ്റ് ചെലവുകൾ ഉൾപ്പെടെ തനത് ഫണ്ട്/വികസന ഫണ്ടിൽ നിന്ന് പരമാവധി 75,000 രൂപ വരെ ചെലവഴിക്കാവുന്നതാണ്.

പോരൂർ ഗ്രാമപഞ്ചായത്ത് ' അരങ്ങ് ' എന്ന പേരിൽ 2023 ഫെബ്രുവരി 8 ന് ചെറുകോട് റോസ് ഓഡിറ്റോറിയത്തിൽ

വച്ച് നടത്തിയ ഭിന്നശേഷി കലോത്സവത്തിന് താഴെ പറയും പ്രകാരം 74,450/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ചെലവിനം. | തുക |
|---|---|---|
| 1 | ഓഡിറ്റോറിയം വാടക | 25000 |
| 2 | ഫോട്ടോസ് | 3000 |
| 3 | ജനറേറ്റർ & സൗണ്ട് സിസ്റ്റം | 10000 |
| 4 | ഫ്ലക്സ് | 1000 |
| 5 | ഓർണമെന്റ്സ് & ഫാൻസി | 6600 |
| 6 | ബാഡ്ജ് പ്രിന്റിംഗ് | 1200 |
| 7 | ഉച്ചഭക്ഷണം & റീഫ്രഷ്മെന്റ് | 19680 |
| 8 | സമ്മാനങ്ങൾ | 7970 |
| ആകെ | | 74450 |

അനുവദനീയമായ തുകയുടെ പരമാവധി തുകയോടടുത്ത് ചെലവഴിച്ചിട്ടുണ്ടെങ്കിലും മത്സരത്തിൽ പങ്കെടുത്തിട്ടുള്ള കുട്ടികൾക്കും രക്ഷകർത്താക്കൾക്കും അർഹമായ യാത്രാചെലവ് നൽകിയിട്ടില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ.12/18.09.2023) വരും വർഷങ്ങളിൽ ഈ അപാകത പരിഹരിക്കുന്നതിനായി മറ്റ് ഇനങ്ങളിലെ ചെലവുകൾ പരമാവധി കുറച്ച് കൊണ്ട് അവകാശപ്പെട്ട യാത്രാചെലവ് നൽകുവാൻ ശ്രമിക്കുന്നതാണ് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി. ഭിന്നശേഷി കുട്ടികൾക്ക് അർഹമായ ആനുകൂല്യങ്ങൾ ഉറപ്പ് വരുത്തേണ്ടതാണ്.

## 1-18 കോക്ലിയാർ ഇംപ്ലാന്റ് റിപ്പയറിന് ധനസഹായം - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പദ്ധതി നമ്പർ | : 95/23 |
| പേര് | : കോക്ലിയാർ ഇംപ്ലാന്റേഷൻ റിപ്പയറിംഗ് തുക കൈമാറി നൽകൽ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ തുക (₹) | : 50,000/- (വികസന ഫണ്ട് - സാധാരണ വിഹിതം) |
| ചെലവ് (₹) | : 50,000/- |
| ബിൽ നമ്പർ / തീയതി | : 2215145202340084584 0 തീയതി.30.11.2022 |

ഈ പ്രൊജക്ട് പ്രകാരം ശ്രീ.അൽസാബിത്ത്, S/o.അബ്ദുറബ്, ആറ്റുപുറത്ത് ഹൌസ്, താളിയംകുണ്ട്, പോത്തുർ.പി.ഒ എന്ന ഗുണഭോക്താവിന് കോക്ലിയാർ ഇംപ്ലാന്റ് റിപ്പയറിന് വേണ്ടി 50,000/- രൂപ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് നൽകിയിട്ടുണ്ട്. എന്നാൽ തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ.11/18.09.2023) സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്ന് ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചാലുടൻ തന്നെ ആയത് ഓഡിറ്റ് മുമ്പാകെ ഹാജരാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുക തടസ്സം (50,000/-)ചെയ്യുന്നു.

## 1-19 തുല്യത പഠന പദ്ധതി -രേഖകൾ ലഭ്യമാക്കിയില്ല.

പ്രൊജക്ട് : തുല്യത പഠന പദ്ധതി

നം : 188/2023

അടങ്കൽ - 66,000 (തനത് ഫണ്ട് )

വൗച്ചർ നം.22201000/31-03-2023 – 66,000 (തനത് ഫണ്ട്)

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

മേൽ പ്രൊജക്ട് പ്രകാരം 10 പഠിതാക്കളുടെ പത്താംതരം തുല്യതാ പരീക്ഷാ ഫീസായി കേരളാ സ്റ്റേറ്റ് സാക്ഷരതാ മിഷൻ അതോറിറ്റിക്ക് 13,500 രൂപയും, 35 പഠിതാക്കളുടെ ഹയർ സെക്കണ്ടറി തുല്യതാ പരീക്ഷാ ഫീസായി കേരളാ സ്റ്റേറ്റ് ലിറ്ററസി മിഷന് 52,500 രൂപയും നൽകിയിട്ടുണ്ട്.

പഠിതാക്കൾ പരീക്ഷ എഴുതിയതിന്റേയും യോഗ്യത നേടിയതിന്റെയും വിവരം ലഭ്യമാക്കാൻ നിർദ്ദേശിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 17/22-23/18.09.23 )മറുപടി ലഭ്യമാക്കിയിട്ടില്ല. വിവരം ലഭ്യമാക്കേണ്ടതാണ്. ആയതു വരെയും പദ്ധതിക്കായി ചെലവഴിച്ച 66,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-20 ഡെപ്പോസിറ്റ് പ്രവൃത്തി -പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം പരിശോധനക്ക് ലഭ്യമാക്കിയില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | വൗച്ചർ നം./ തീയ്യതി | വിനിയോഗിച്ച തുക | റിമാർക്സ് |
|---|---|---|---|---|
| 1 | പ്രോജക്റ്റ് നം.277/23<br>വിവിധ കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണത്തിന് ഭൂഗർഭ ജലവകുപ്പിലേക്ക് തുക അടവാക്കൽ<br>(ധനകാര്യ കമ്മീഷൻ അവാർഡ് തുക ) | 2221010/ 31.03.23 | 8,32,000 | 1)താലപ്പൊലി അംഗനവാടി പമ്പിംഗ് സ്കീം - 1,01,000<br>2)പള്ളികുന്ന് അംഗനവാടി പമ്പിംഗ് സ്കീം - 1,28,000<br>3)തോട്ടുപുറം അംഗനവാടി പമ്പിംഗ് സ്കീം - 94,000<br>4)പരപ്പറ്റഅംഗനവാടി പമ്പിംഗ് സ്കീം - 1,12,000<br>5)പട്ടണംകുണ്ട് അംഗനവാടി പമ്പിംഗ് സ്കീം - 170000<br>6)കിഴക്കേക്കര അംഗനവാടി പമ്പിംഗ് സ്കീം - 115000<br>7)വീതനശ്ശേരി അംഗനവാടി പമ്പിംഗ് സ്കീം - 1,12,000<br>എന്നീ അംഗവാടികളുടെ കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണത്തിന് ഭൂഗർഭ ജലവകുപ്പിലേക്ക് അടവാക്കിയ തുക |
